**ഗവർണ്ണറുടെ സന്ദേശം**

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മടക്കി അയച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: 2014 ഡിസംബർ മാസം 17-ാം തീയതി നിയമസഭ പാസ്സാക്കി ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നതും ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചിരുന്നതുമായ 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ ക്ലിപ്ത നിബന്ധന പ്രകാരമുള്ള സന്ദേശത്തോടെ ഗവർണ്ണർ മടക്കി അയച്ച വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 99 പ്രകാരം സഭയെ അറിയിക്കുന്നു.

“ WHEREAS the Governor of Kerala, has reserved the Kerala Maritime Board Bill, 2014 for the consideration of the President of India under the provisions of Article 200 of the Constitution of India read with clause (2) of Article 254 thereof;

AND WHEREAS, the President of India, after having considered the Bill so reserved has returned the Bill with a direction to the Governor of

Kerala to return the Bill, in pursuance of the proviso to Article 201 of the Constitution of India, to the Legislative Assembly with a message to reconsider the Bill, as follows:

ബഹുമാനപ്പെട്ട ഗവർണ്ണറുടെ സന്ദേശത്തിന്റെ പൂർണ്ണരൂപം ഇവിടെ വായിക്കുന്നില്ല. ആയത് പൂർണ്ണമായി വായിച്ചതായി ദയവായി പരിഗണിക്കണം. * സന്ദേശത്തിന്റെ പൂർണ്ണരൂപം ബുള്ളറ്റിനായി അംഗങ്ങൾക്ക് ഇപ്പോൾ തന്നെ വിതരണം ചെയ്യുന്നതാണ്. സന്ദേശത്തിന്റെ concluding part താഴെപ്പറയുന്ന പ്രകാരമാണ്.

NOW THEREFORE, I, P. Sathasivam, Governor of Kerala do hereby return the Bill to the Legislative Assembly in pursuance of the proviso to Article 201 of the Constitution of India with the message to withdraw the Bill by the Kerala Legislative Assembly."

ഗവർണ്ണറുടെ സന്ദേശവുമായി ബന്ധപ്പെട്ട് സംസാരിക്കുന്നത് സാധാരണഗതിയിൽ കീഴ്വഴക്കമില്ലാത്തതാണ്. സന്ദേശത്തെ സംബന്ധിച്ച് ചർച്ചയില്ല.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ 17-12-2014-ൽ ഈ സഭ പാസ്സാക്കി ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ച ബില്ലാണ്. പ്രസ്തുത ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കി വയ്ക്കുകയാണുണ്ടായത്. ഭരണഘടനയുടെ ആർട്ടിക്കിൾ 201 അനുസരിച്ച് ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഗവർണ്ണർ നീക്കിവച്ചാൽ ഒന്നുകിൽ ആ ബിൽ രാഷ്ട്രപതി അംഗീകാരം കൊടുക്കണം അല്ലെങ്കിൽ ......

മി. സ്പീക്കർ : അങ്ങ് ചർച്ചയിലേയ്ക്കാണ് പോകുന്നത്. അത് ശരിയല്ല. അങ്ങ് ഇങ്ങനെയൊരു അഭിപ്രായ പ്രകടനം നടത്തിയാൽ സ്വാഭാവികമായും സഭയിലെ മറ്റ് അംഗങ്ങളും ......

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയല്ല, ഒരു ഭരണഘടനാപരമായ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ: ഗവർണ്ണറുടെ സന്ദേശത്തെ സംബന്ധിച്ച് സഭയെ ഔപചാരികമായി അറിയിക്കുക എന്നുള്ളതല്ലാതെ ഒരു ചർച്ചയ്ക്ക് അനുവാദം കൊടുക്കുന്ന രീതി കീഴ്വഴക്കങ്ങളിൽ എവിടെയുമില്ല. ദയവായി ചെയറിനെ അങ്ങ് നിർബന്ധിക്കരുത്. അങ്ങ് ബഹുമാന്യനായ പ്രതിപക്ഷനേതാവാണ്. അങ്ങ്

ഒരഭിപ്രായം പറഞ്ഞാൽ സ്വാഭാവികമായും ഭരണപക്ഷത്ത് നിന്ന് അഭിപ്രായം പറയേണ്ടി വരും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭരണഘടനാപരമായ പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. ഒന്നുകിൽ രാഷ്ട്രപതി ആ ബില്ലിന് assent കൊടുക്കണം, അല്ലെങ്കിൽ രാഷ്ട്രപതി ആ ബിൽ തള്ളിക്കളയണം അതുമല്ലെങ്കിൽ ആ ബിൽ പുന:പരിശോധിക്കാൻ സഭയോട് ആവശ്യപ്പെടണം. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്തിരിക്കുന്നത് withdraw ചെയ്യാനാണ്. രാഷ്ട്രപതി പറഞ്ഞതാണോ നിലനിൽക്കുന്നത് ഗവർണ്ണർ പറഞ്ഞതാണോ നിലനിൽക്കുന്നതെന്ന് അറിയാൻ സഭയ്ക്ക് അവകാശമുണ്ട്. അത് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് ക്രമപ്രശ്നമാണെന്ന് പറഞ്ഞിട്ട് ഗവർണ്ണറുടെ സന്ദേശത്തെ സംബന്ധിച്ച അഭിപ്രായ പ്രകടനമാണ് നടത്തിയത്. ഗവർണ്ണറുടെ നടപടി ഭരണഘടനാപരമായി തെറ്റാണെന്ന അഭിപ്രായമല്ലേ; അങ്ങനെയൊരു അഭിപ്രായ പ്രകടനം നടത്തുന്നത് ശരിയല്ല. ദയവായി ആ കീഴ്വഴക്കം അംഗീകരിക്കാൻ പറ്റില്ല. ഇല്ലാത്ത കീഴ്വഴക്കം ഉണ്ടാക്കരുത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ സന്ദേശം ഗവർണ്ണറുടെ സന്ദേശത്തിന്റെ രൂപത്തിൽ ഇവിടെ വന്ന് കഴിഞ്ഞ സാഹചര്യത്തിൽ ഗവർണ്ണറുടെയാണോ പ്രസിഡന്റിന്റെ version ആണോ ശരിയെന്ന് പറഞ്ഞുകൊണ്ടുള്ള ക്രമപ്രശ്നത്തിന് ഇവിടെ പ്രസക്തിയില്ല. ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ സന്ദേശം ബിൽ റീ കൺസിഡർ ചെയ്യുന്നതിനാണ്. പ്രസ്തുത സന്ദേശത്തിന് അനുസൃതമായി ബഹുമാനപ്പെട്ട ഗവർണ്ണർ ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരമുള്ള സന്ദേശം നൽകുമ്പോൾ withdraw എന്ന് രേഖപ്പെടുത്തുന്നതിൽ അപാകതയില്ല. Reconsider എന്നതിൽ withdraw of the bill-ഉം ഉൾപ്പെടുന്നതാണ്. പ്രസ്തുത സന്ദേശം നിയമോപദേശം തേടിയതിനുശേഷമാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഓഫീസിൽ നിന്ന് നൽകിയത് എന്നുള്ളത് നിയമ വകുപ്പിനെ കൂടി അറിയിച്ചിട്ടുണ്ട്. ഈ ഒരു പ്രശ്നം സ്വാഭാവികമായും ഉണ്ടാകുമെന്നുള്ളതുകൊണ്ട് തന്നെ വ്യക്തത വരുത്തിയിട്ടുണ്ട്. ഇത് ക്രമപ്രശ്നത്തിന്റെ ഭാഗമായി ഇവിടെ ഉന്നയിക്കേണ്ട ഒരു പ്രസക്തിയുമില്ല. ഇതിൽ Withdrawal of the bill എന്ന് പറയുന്നതും reconsider എന്ന് പറയുന്നതും സമാനമാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ,.....

മി. സ്പീക്കർ: ഇത് ചർച്ചയിലേയ്ക്ക് പോകണമോ? ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് വിശദീകരിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഗവർണ്ണറെ ചോദ്യം ചെയ്യുകയല്ല. ഭരണഘടനയുടെ പ്രൊവിഷൻ അനുസരിച്ച് ഗവർണ്ണറാണെങ്കിലും പ്രസിഡന്റാണെങ്കിലും ഭരണഘടനയ്ക്ക് അതീതമൊന്നുമല്ലല്ലോ. രാഷ്ട്രപതി പറയുന്ന റീ-കൺസിഡർ ചെയ്യാൻ, ഗവർണ്ണർ പറയുന്ന withdraw ചെയ്യാൻ, അത് എനിക്ക് മനസ്സിലാകുന്നില്ല. അത് ഈ സഭയെ അറിയിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ചർച്ച അനുവദനീയമല്ല. പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് കൃത്യമായി പറഞ്ഞു. അങ്ങ് തികച്ചും സാങ്കേതിക വാദമാണ് ഉന്നയിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. റീ-കൺസിഡർ ചെയ്യണമെങ്കിൽ ബിൽ പിൻവലിക്കാതെ ചെയ്യാൻ പറ്റുമോ? അങ്ങയുടെ ക്രമപ്രശ്നം ഇപ്പോൾ അംഗീകരിക്കാൻ നിർവ്വാഹമില്ല.

(അടിയന്തരപ്രമേയം)